ഹദീസ്

സുബൈർ കുന്ദമംഗലം

# തവക്കുലിന്റെ യാഥാർഥ്യം

عَنْ عُمَرَ بْنِ الْخَطَّابِ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : لَوْ أَنَّكُمْ تَوَكَّلُونَ عَلَى اللَّهِ حَقَّ تَوَكُّلِهِ لَرُزِقْتُمْ كَمَا تُرْزَقُ الطَّيْرُ تَغْدُو خِمَاصًا وَتَرُوحُ بِطَانًا (رواه الترمذي، وقال حديث حسن).

**ഉമറുബ്നുൽ ഖത്ത്വാബി(റ)ൽനിന്ന്. നബി(സ) പറഞ്ഞു: ''നിങ്ങൾ ശരിയാംവിധം അല്ലാഹുവിങ്കൽ ഭരമേൽപിക്കുകയാണെങ്കിൽ പക്ഷികളെ ഊട്ടുന്നതുപോലെ അവൻ നിങ്ങളെ ആഹരിപ്പിക്കും. അവ പ്രഭാതത്തിൽ ഒട്ടിയ വയറുമായി പോയി പ്രദോഷത്തിൽ നിറവയറുമായി തിരിച്ചെത്തുന്നു'' (അഹ്മദും തിർമിദിയും മറ്റു പലരും റിപ്പോർട്ട് ചെയ്തത്. ഈ ഹദീസ് സ്വഹീഹും ഹസനുമാണെന്ന് തിർമിദി).**

അസ്വസ്ഥമാണ് ഇന്ന് മനുഷ്യ ജീവിതം. ക്ഷണികവും നശ്വരവുമായ ഈ ലോകത്ത് അവന് തെല്ലും സമാധാനമില്ല. നാളെയെ കുറിച്ച ഉത്കണ്ഠ അവനെ വരിഞ്ഞു മുറുക്കിക്കൊണ്ടിരിക്കുന്നു. ദുൻയാവ് വാരിക്കൂട്ടണമെന്ന ഒടുങ്ങാത്ത ദുര അവനെ മനോരോഗത്തോളം കൊണ്ടെത്തിക്കുന്നു. സാമ്പത്തികവും ശാരീരികവുമായ നഷ്ടവും പരാജയവും അവനെ തളർത്തുന്നു. അപകടങ്ങളും മാറാരോഗങ്ങളും അവിചാരിതമായി വന്നെത്തുന്ന കച്ചവട നഷ്ടവും സാമ്പത്തിക മാന്ദ്യം സൃഷ്ടിക്കുന്ന ഞെരുക്കവും അവന്റെ സന്തോഷകരമായ ജീവിതത്തെ ഞൊടിയിടയിൽ തകർത്തുകളയുന്നു. കരുത്തുള്ള വിശ്വാസത്തിന്റെ ഉടമയെന്ന് സ്വയം നടിക്കുന്നവരിൽ പോലും ഇത്തരം അപചയങ്ങൾ കണ്ടുവരുന്നു.

സ്വന്തത്തെ ദൈവത്തിന് സമർപ്പിക്കാനും അവനിൽ ഭരമേൽപിക്കാനും സാധിക്കുന്നവർക്ക് ഏത് പ്രതിസന്ധിയെയും അതിജയിക്കാനാകും. അത്തരം ആളുകൾ കാറ്റിലും കോളിലും ആടിയുലയാതെ ജീവിത നൗക കരക്കെത്തിക്കും. അവർ ഒഴുക്കിനെതിരെ നീന്തും. കരിമ്പാറകൾക്കോ തിരമാലകൾ തീർക്കുന്ന സാഗര ഗർജനത്തിനോ അവരുടെ ജീവിത യാത്ര തടസ്സപ്പെടുത്തുക സാധ്യമല്ല. വിശ്വാസിയുടെ കരുത്തുറ്റ ആയുധമാണ് തവക്കുൽ. ''വിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപിക്കട്ടെ'' (അത്തൗബ 51). ''വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്നുവെങ്കിൽ തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു'' (അൽ അൻഫാൽ 49). ''വല്ലവനും അല്ലാഹുവിന്റെ മേൽ ഭരമേൽപിക്കുന്ന പക്ഷം അവന് അല്ലാഹു തന്നെ മതിയാകുന്നതാണ്'' (അത്ത്വലാഖ് 31).

മാനസിക സംഘർഷങ്ങളുടെ നടുക്കടലിൽ നട്ടം തിരിയുന്ന മനുഷ്യനെ ചില ജീവിതസത്യങ്ങൾ ഓർമിപ്പിക്കുകയാണ് ഈ നബിവചനം. താൻ എത്ര ഉയർന്നെന്ന് മനുഷ്യനു തോന്നിയാലും സ്രഷ്ടാവായ നാഥന്റെ ഉതവി കൂടാതെ ഒരു നിമിഷം പോലും മുന്നോട്ടുപോവുക സാധ്യമല്ല. വിണ്ണിന്റെ വിഹായസ്സിൽ പറവയെ പോലെ പറക്കാനും ആഴിയുടെ അഗാധതകളിൽ മത്സ്യത്തെപ്പോലെ ഊളിയിടാനും അവൻ അഭ്യസിച്ചിട്ടുണ്ടെങ്കിലും താൻ നിസ്സാരനും നിസ്സഹായനും ദുർബലനുമാണെന്ന് ബോധ്യപ്പെടാൻ ഒരു നിമിഷമേ വേണ്ടൂ.

കരുത്തും ശക്തിയും സ്വാധീനവുമുണ്ടെങ്കിലും അവന് പരാശ്രയമില്ലാതെ ജീവിക്കാനാവില്ല. എത്ര തന്നെ സൂക്ഷിച്ചാലും അല്ലാഹുവിന്റെ പരിരക്ഷയില്ലെങ്കിൽ അവൻ കാലിടറിവീഴും. അന്നേ വരെ സ്വരുക്കൂട്ടി വെച്ച പദ്ധതികൾ നിലം പൊത്തും. പഴമക്കാർ പാടിയിട്ടുണ്ട്: ''ഒരാൾക്ക് ദൈവസഹായമില്ലെങ്കിൽ പിന്നെ അവന് വിനയായി മാറുന്നത് അവന്റെ പരിശ്രമങ്ങൾ തന്നെ.'' അല്ലാഹുവിന്റെ ഉതവിയില്ലാത്ത കാലത്തോളം ശ്രമങ്ങളുടെ പരിണതി പരാജയമായിരിക്കും.

നബി(സ)യും അനുചരന്മാരും ജീവിതത്തിലുടനീളം അല്ലാഹുവോട് സഹായം തേടി. അവനിൽ സർവവും ഭരമേൽപിച്ചു. ക്ഷാമകാലമെന്നോ ക്ഷേമ കാലമെന്നോ വ്യത്യാസമില്ലാതെ, യുദ്ധമെന്നോ സമാധാനമെന്നോ പരിഗണിക്കാതെ സർവശക്തനിൽ അഭയം കണ്ടെത്തി.

മനുഷ്യൻ സ്വയം വിഡ്ഢിയായിത്തീരുന്നതോടെ തനിക്ക് എല്ലാം സാധിക്കുമെന്നവൻ ഊറ്റം കൊള്ളുന്നു. പ്രാപഞ്ചിക രഹസ്യം കണ്ടെത്താനും ശാസ്ത്രത്തിന്റെ നെറുകയിൽ വിരാജിക്കാനും പ്രാപ്തി നേടിയെന്ന നാട്യം അവനെ പതനത്തിന്റെ പടുകുഴിയിലേക്ക് തള്ളിവിടുന്നു. തനിക്ക് താൻപോന്നവനാണെന്ന മിഥ്യാധാരണ അവസാനിപ്പിക്കുന്നിടത്തുനിന്നാണ് തവക്കുൽ ആരംഭിക്കുന്നത്.

തവക്കുൽ സഫലമാകുന്നതിന് നിരന്തര പ്രവർത്തനവും കാത്തിരിക്കാനുള്ള ക്ഷമയും ദൈവിക സഹായം ലഭിക്കുമെന്ന പ്രതീക്ഷയും ഉണ്ടായിരിക്കണം. കേവലം പ്രാർഥന മാത്രം നടത്തി പരിശ്രമങ്ങളെ അവഗണിക്കുന്നതിന്റെ പേരല്ല തവക്കുൽ. ഹദീസ് സൂചിപ്പിക്കുന്നതുപോലെ പക്ഷികൾ പുലർച്ചെ അന്നം തേടി കൂടു വിട്ടു പറക്കുകയാണ്. അവ കൂട്ടിലിരിക്കുകയല്ല. അവ ഒരു മരച്ചില്ലയിൽനിന്ന് മറ്റൊന്നിലേക്ക് ചേക്കേറുന്നു. ഒരു പാടത്തുനിന്ന് മറ്റൊരു പാടത്തേക്ക് പറക്കുന്നു. ജീവൻ നിലനിർത്താനും തന്നെ ആശ്രയിച്ച് മരപ്പൊത്തിൽ കഴിയുന്ന കുഞ്ഞുങ്ങളെ ഊട്ടാനുമാണ് തള്ളപ്പറവ പുലർച്ചെ ഇറങ്ങിത്തിരിക്കുന്നത്. അപ്പോൾ വീട്ടിലോ പള്ളിയിലോ ഇരുന്ന് പ്രാർഥിച്ചാൽ നേടിയെടുക്കാവുന്നതല്ല ജീവിത വിജയം. പ്രപഞ്ചത്തിൽ എവിടെയോ ഒളിഞ്ഞു കിടക്കുന്ന തന്റെ സൗഭാഗ്യം അന്വേഷിച്ച് കണ്ടെത്തുക എന്നതാണ് മനുഷ്യന്റെ ബാധ്യത. ദുർബലനും നിസ്സാരനുമായ പക്ഷി ബുദ്ധിയും വിവേകവുമുള്ള മനുഷ്യന് വലിയ ദൃഷ്ടാന്തം തന്നെ. ●